ഘട്ടത്തിൽ ഞാൻ അതിനകത്ത് ഇടപെടാനുദ്ദേശിക്കുന്നില്ല. അതിന്റെ യഥാർത്ഥ രൂപത്തിൽ വർക്ക് നടന്ന്, അത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## (39) കുന്നത്തൂർ താലൂക്കിലെ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. ടി. നാണുമാസ്റ്റർ: സർ, കുന്നത്തൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ നിലവിലിരിക്കുന്ന കുടിവെള്ളക്ഷാമത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഈ സഭയിൽതന്നെ നാലഞ്ചുപ്രാവശ്യം ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ മൂന്നുകൊല്ലം മുൻപ് കമ്മീഷൻ ചെയ്യേണ്ടിയിരുന്ന മൂന്നു സ്കീമുകളുണ്ടായിരുന്നു. മൈനാഗപ്പള്ളി, തഴവ, കുന്നത്തൂർ എന്നീ സ്കീമുകൾ മൂന്നുകൊല്ലംമുമ്പ് കമ്മീഷൻ ചെയ്യേണ്ടതായിരുന്നു; കമ്മീഷൻ ചെയ്തില്ല. അതിന്റെ വർക്ക് ഏകദേശമൊക്കെ പൂർത്തിയാക്കിയതേയുള്ളൂ. പറഞ്ഞ സമയത്ത് നടപ്പായില്ല. അടിയന്തിരമായും, ഈ ആഴ്ചതന്നെ, ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യാനുള്ള നടപടിയുണ്ടാകണം. മറ്റുള്ള പഞ്ചായത്തിൽ കിട്ടിക്കൊണ്ടിരുന്ന കുടിവെള്ളം രണ്ടര മാസമായി ലഭിക്കുന്നില്ല. നിരവധി ആളുകൾ നിവേദനങ്ങൾ നൽകി, ബന്ധപ്പെട്ട ഓഫീസുകളിൽ കയറി ഇറങ്ങുകയും വഴിതടയൽ സമരമുൾപ്പെടെ നിരവധി സമരങ്ങൾ അവിടത്തെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും പൊതുജനങ്ങളുമെല്ലാം നടത്തുകയുമുണ്ടായി. ആ പഞ്ചായത്തിൽ നിലവിലിരുന്ന കുടിവെള്ള സിസ്റ്റം നിർത്തി. ഇപ്പോൾ ജലം ലഭിക്കുന്നില്ല എന്നുള്ളതിനെ സംബന്ധിച്ച് അവർ കൊടുത്തയച്ചിട്ടുള്ള നിവേദനങ്ങളാണ് എന്റെ കയ്യിലുള്ള ഈ കടലാസുകൾ. ഇതുപോലെയുള്ള നിരവധി വിഷമതകൾ അവിടെയുണ്ട്. ഒരു പ്രത്യേകത, കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട തടാകത്തിലെ വെള്ളം കൊല്ലം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും ജനങ്ങൾക്ക് കുടിക്കാൻ ഉപയോഗിക്കുകയും ചെയ്യുമ്പോൾ ശാസ്താംകോട്ട കായലിന് ചുറ്റുമുള്ള പഞ്ചായത്തിലെ ആയിരക്കണക്കിന് ആളുകൾ കുടിവെള്ളത്തിനായി കേഴുകയാണ്. നിരവധി പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുള്ളതാണ്. അതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണമെന്നാണ് അപേക്ഷിക്കുന്നത്. അവിടെ നടന്നുകൊണ്ടിരിക്കുന്ന ഓൺ ഗോയിംഗ് വർക്സിനു ഒരു എക്സ്റ്റൻഷനുവേണ്ടി നേരത്തെ ആവശ്യപ്പെട്ടിരുന്നു. ആ പഞ്ചായത്തിൽനിന്നും ഏഴ് കിലോമീറ്റർ എക്സ്റ്റൻഷൻ കൊടുത്താൽ ആ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുപോലെ അറകുറപ്പണികൾ യാതൊന്നുംതന്നെ നടക്കുന്നില്ല. ശൂരനാട് വടക്കേ പഞ്ചായത്തിൽ പുതിയ സ്കീം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അറകുറപ്പണികൾ തീർക്കുന്നതിന് അടിയന്തിരമായി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശൂരനാട് സൗത്ത് സ്കീം എം. എൽ. എ. സ്കീമിൽ ഉൾപ്പെടുത്തി എ.എസ്. നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് അതീവ ഗൗരവതരമായ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ശ്രീ. നാണുമാസ്റ്റർ മൂന്ന് സ്കീമുകളെ സംബന്ധിച്ചാണ് പറഞ്ഞത്. തഴവാ പഞ്ചായത്തിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി കഴിഞ്ഞ മാസം കമ്മീഷൻ ചെയ്തു. അവിടെ 11 കിലോമീറ്ററോളം ഹൈ ഡെൻസിറ്റി പൈപ്പാണ് ഇട്ടിരിക്കുന്നത്. അതിൽകൂടി വെള്ളം വിട്ടുകഴിഞ്ഞപ്പോൾ പൈപ്പ് പൊട്ടി. ഇത് മാറേണ്ട കാര്യമുണ്ട്. അതാണ് ഒരു പ്രശ്നം. രണ്ടാമതായി മൈനാഗപ്പള്ളി സ്കീമിനെ സംബന്ധിച്ചാണ്. ശാസ്താംകോട്ട കായലിൽനിന്നും വെള്ളം പമ്പ് ചെയ്ത് കുഴലിൽക്കൂടി നേരിട്ട് വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ ഒ. എച്ച്. ടാങ്കിന്റെ പണി 90 ശതമാനം പൂർത്തിയായി. ഈ മാസം അവസാനത്തോടുകൂടി ടാങ്കിൽ വെള്ളം കയറ്റി വിതരണം നടത്തും. ഇവിടെയും കുറെയധികം ഹൈ ഡെൻസിറ്റി പൈപ്പുകൾ മാറ്റിയിടേണ്ടതായിട്ടുണ്ട്. പൈപ്പിന്റെ ലഭ്യത അനുസരിച്ചേ മാറ്റാൻ കഴിയുകയുള്ളൂ. കുന്നത്തൂർ പഞ്ചായത്തിനുവേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പണി വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. 1985-ൽ ആരംഭിച്ച ഒരു പ്രോഗ്രാമാണ്. അതിന്റെ 90 ശതമാനത്തോളം പണികളും പൂർത്തിയായിട്ടുണ്ട്. ഈ സ്കീമുകളും മുഖ്യമന്ത്രിയുടെ പതിനഞ്ചിനപരിപാടിയിൽ പെടുത്തിയിരിക്കുന്നു. അതുകൊണ്ട് മാർച്ച് മാസം അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുന്നത്തൂർ പദ്ധതിയെപ്പറ്റി എനിക്ക് സംശയമുണ്ട്. ഒന്നോ രണ്ടോ മാസംകൂടി അതിന്റെ പണി നീണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. അടുത്തതായി എം.എൽ.എ. സ്കീമിനെ സംബന്ധിച്ചാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഔദ്യോഗികമായി ശ്രീ. നാണുമാസ്റ്റർ എഴുതി തന്നിട്ടില്ല. ഇപ്പോൾ ഇവിടെ സബ്മിഷനായിട്ട് ഇതിന്റെ കൂട്ടത്തിൽ പറഞ്ഞതാണ്. ശാസ്താംകോട്ട ശൂരനാട് സൗത്ത് സ്കീം എം.എൽ.എ. സ്കീമിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. അത് സ്വീകരിക്കുന്നു. അതിനനുസരിച്ചുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യാം.

## (40) നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ പണി പൂർത്തീകരിക്കണമെന്ന ആവശ്യം

ശ്രീ. എ. കണാരൻ: സർ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കുടിവെള്ളത്തിന്റെ പ്രശ്നം അതീവ ഗുരുതരമാണ്. ശുദ്ധജലം കിട്ടാൻ ഇപ്പോൾ വളരെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില പദ്ധതികളും ആരംഭിച്ചിട്ട് ഏഴ് കൊല്ലമായി. ഏഴുകൊല്ലം മുതൽ മൂന്നുകൊല്ലം വരെ കാലപ്പഴക്കമായ പദ്ധതികളാണ് ഇപ്പോൾ അവിടെ നിർമ്മാണത്തിലുള്ളത്. എല്ലാം ഒരു കൊല്ലവും ഒന്നര കൊല്ലവുംകൊണ്ട് കമ്മീഷൻ ചെയ്യാവുന്നവയാണ്. കുറ്റ്യാടി, തിരുവള്ളൂർ, മണിയൂർ, ആലഞ്ചേരി ഇടശ്ശേരി, ചോറോഡ്, വില്യാപ്പള്ളി, കുന്നുമ്മൽ, ചെറുവണ്ണൂർ എന്നിവ മേജർ പദ്ധതികളാണ്. ഈ പദ്ധതികളൊന്നും പൂർത്തീകരിക്കാൻവേണ്ട യാതൊരു സംവിധാനവുമില്ല. ഗുളികപ്പുഴ പദ്ധതിയെപ്പറ്റി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly